**A**

**1002**

# സമഗ്ര ശിക്ഷാ, കേരളം

## പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025-26

## മലയാളം

## കേരളപാഠാവലി

സമയം : $1^1/_2$ മണിക്കൂർ

ക്ലാസ് : 10

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. A **അല്ലെങ്കിൽ** B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

**1.** 'ഭീഷ്മസമാനനരിനിവഹത്തിന്നു

ഇവിടെ അരിനിവഹം എന്ന പദത്തിന്റെ അർഥം എന്ത്?

A. ധാന്യശേഖരം

B. ശത്രുസമൂഹം

C. നരിക്കൂട്ടം

D. പടയാളികൾ

**2.** "ജനകൻ മരിച്ചുപോയി, തനയൻ ഞാനൊരുത്തനെൻ -

ജനനി തന്റെ ദശയിങ്ങനെ;" (സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഹംസം ഇങ്ങനെ വിലപിക്കാനുള്ള കാരണങ്ങളിൽ പെടാത്തത് ഏത്?

A. കുടുംബം അനാഥമാകും എന്നോർത്ത്

B. അമ്മയ്ക്ക് ഏക ആശ്രയവും നഷ്ടമാകും എന്നോർത്ത്

C. തന്റെ വംശം ഇല്ലാതാകുമെന്നോർത്ത്

D. സ്വർണ്ണച്ചിറക് നഷ്ടപ്പെടും എന്നോർത്ത്

**3.** പിരിച്ചെഴുതിയ പദങ്ങളിൽ ശരിയായത് ഏത്?

A. ഉടമയാണ് - ഉടമ, യാണ്

B. മായക്കാഴ്ചകൾ - മായ, ക്കാഴ്ചകൾ

C. ഇരിക്കുകയാണ് - ഇരിക്കുക, ആണ്

D. ഊട്ടിയാൽ - ഊടി, ആൽ

**4.** 'ഭാവിയെക്കുറിച്ചുള്ള ഭയത്തിന്റെ തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽനിന്ന് മാഞ്ഞുപോവുകയാണ്.' (പ്രകാശ് രാജ്)

ഈ വാക്യത്തിന്റെ ആശയത്തോട് യോജിക്കുന്ന പ്രസ്താവന ഏത് ?

(I) മാതൃഭാഷയോടുള്ള അവഗണനയ്ക്ക് കാരണം ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയാണ്.

(II) മാതൃഭാഷ ഭാവിജീവിതം സുരക്ഷിതമാക്കുമെന്ന് വിശ്വസിക്കുന്നു.

A. ഒന്നുമാത്രം യോജിക്കുന്നു

B. രണ്ടുമാത്രം യോജിക്കുന്നു

C. രണ്ടും യോജിക്കുന്നു

D. രണ്ടും യോജിക്കുന്നില്ല

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**
**( 3 x 3 = 9 )**

**5.** "ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ "
( കഥകളതിമോഹനം)
എഴുത്തച്ഛൻകവിതയുടെ എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്?

**6.** "അയ്യോ ! ഗുണവുമനവധി ദോഷമായിതു."
( സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)
ഹംസത്തിന്റെ ഈ നിഗമനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരിക്കുക.

**7. (A)** "മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി" എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക

**അല്ലെങ്കിൽ**

**(B)** തന്നിരിക്കുന്ന വാക്യം അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.

- വായിച്ചു തീർന്നപ്പോൾ എല്ലാ കുട്ടികളും കൈയടിച്ചതും അധ്യാപകൻ വായനയ്ക്കുള്ള ബാഡ്ജ് തന്നെ അണിയിച്ചതും എന്തിനാണെന്ന് അവന് മനസ്സിലായില്ല.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (5 സ്കോർ വീതം)**
**(4 x 5 = 20)**

**8.** ഗദ്യഭാഗം വായിച്ച് ആശയം മൂന്നിലൊന്നായി സംഗ്രഹിച്ചെഴുതുക.

സ്വന്തം സംസ്ഥാനമായ ഗുജറാത്തിൽ സബർമതി നദിയുടെ തീരത്ത് ഗാന്ധിജി ഒരാശ്രമം സ്ഥാപിച്ചു. അഹമ്മദാബാദിനടുത്തായിരുന്നു ഇത്. ഇന്ത്യയുടെ നാനാഭാഗത്ത് നിന്നും തെരഞ്ഞെടുത്ത യുവാക്കളെ ഈ ആശ്രമത്തിലെ അന്തേവാസികളാക്കി. അവരെ തന്റെ സിദ്ധാന്തങ്ങൾ പ്രയോഗിക്കാൻ പരിശീലിപ്പിച്ചു. നാം പലപ്പോഴും ശ്രദ്ധിക്കാതിരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്ന കൊച്ചു കൊച്ചു കാര്യങ്ങളിൽ കൂടിയായിരുന്നു, ഗാന്ധിജി തന്റെ അന്തേവാസികളെ ബോധവൽക്കരിച്ച് കർമ്മനിരതമാക്കിയത്. മിതവ്യയവും ശുചിത്വവും അവരുടെ ജീവിതരീതിയുടെ ഭാഗമായിരുന്നു. ഇന്ത്യയെപ്പോലുള്ള ഒരു ദരിദ്രരാജ്യത്തെ പൗരന് വസ്ത്രധാരണത്തിലും ഭക്ഷണത്തിലും ധാരാളിത്തം പാടില്ലെന്ന് തന്റെ അന്തേവാസികളെ സ്വയം മാതൃക കാണിച്ചുകൊണ്ട് അദ്ദേഹം ബോധ്യപ്പെടുത്തി. അവർ ഉപയോഗിക്കുന്ന വസ്ത്രം നെയ്യുന്നത് സ്വന്തം കൈകൊണ്ട് നൂറ്റുണ്ടാക്കിയ നാരുപയോഗിച്ചായിരിക്കണം. ഇതെല്ലാം ഒരു ജീവിതരീതിക്കപ്പുറം ഒരു സമരരീതികൂടിയാക്കി മാറ്റാൻ കഴിഞ്ഞു എന്നതായിരുന്നു ഗാന്ധിജിയുടെ വിജയം. സ്വദേശിയായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. കഴിവതും വിദേശീയമായ വസ്തുക്കൾ ഒഴിവാക്കിക്കൊണ്ട് നമ്മുടെ ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ അദ്ദേഹം ആദ്യം ആശ്രമത്തിലെ അന്തേവാസികളോടും, പിന്നീട് ജനങ്ങളോടും ആഹ്വാനം ചെയ്തു. ചർക്കയെ സ്വദേശിപ്രസ്ഥാനത്തിന്റെ പ്രതീകമായി ഗാന്ധിജി കണ്ടു. ചർക്കയിലുണ്ടാക്കിയ ഖാദി അർധപട്ടിണിക്കാർക്ക് ഒരു ഉപജീവനമാർഗമാക്കുന്നതോടൊപ്പം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ശക്തിയേറിയ ഒരായുധമായി മാറാൻ പോകുന്ന കാര്യം അന്ന് അധികമാരും മനസ്സിലാക്കിയിരുന്നില്ല.

(മുത്തച്ഛൻ പറഞ്ഞ കഥ - സി ജി ശാന്തകുമാർ)

9. "സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം "

(കുമാരനാശാൻ)

ഈ വരികളിലെയും 'സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ' എന്ന കാവ്യഭാഗത്തെയും ആശയതലം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. "അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം."

(റസിഡന്റ് എഡിറ്റർ)

മാധ്യമരംഗത്തെ അധാർമ്മിക പ്രവണതകൾ തുറന്നു കാണിക്കുന്ന കഥയാണോ റസിഡന്റ് എഡിറ്റർ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

11. (A)




കാർട്ടൂൺ : സദാശിവൻ ഇരിയണ്ണി

കാർട്ടൂണും 'അന്നന്നത്തെ മോക്ഷം' എന്ന പാഠഭാഗവും വിശകലനം ചെയ്ത് നവമാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) " ഉനക്ക് എന്ന വേണം?"

വെങ്കിടേശൻ പറഞ്ഞു:

"ചീഫ് റിപ്പോർട്ടറാവണം "

"പ്രത്യുൽപന്നമതിയും കൊതിയനുമായ ഉനക്ക് അതു റൊമ്പം ചിന്നപോസ്റ്റ്.

വേറെ എന്നാ വേണം?" (റസിഡന്റ് എഡിറ്റർ)

തന്നിരിക്കുന്ന സന്ദർഭവും കഥയും പരിഗണിച്ച് വെങ്കിടേശ അയ്യങ്കാർ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ നിരൂപണം ചെയ്യുക.

താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)
(1x7= 7)

12. (A) "നിങ്ങൾ ഒരാളോട് അയാൾക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ തലച്ചോറിൽ കടക്കുന്നു. അയാളുടെ സ്വന്തം ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ ഹൃദയത്തിലേക്ക് കടക്കുന്നു." (നെൽസൺ മണ്ടേല)

"ഞാൻ ശ്വസിക്കുന്ന വായുവിനെപ്പോലെ, ഉണ്ണുന്ന ചോറുപോലെ, എന്റെ അമ്മ പറയുന്ന കഥകൾ കേട്ടുകേട്ട് എണ്ണിത്തീർത്ത നക്ഷത്രങ്ങളെപ്പോലെ, എന്റെ ഞരമ്പുകളിൽ ഒഴുകുന്ന രക്തത്തെപ്പോലെ കന്നഡഭാഷയും എന്റെയുള്ളിൽ ഒഴുകുന്നുണ്ട്." (പ്രകാശ് രാജ്)

തന്നിരിക്കുന്ന വാക്യങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് 'എന്റെ ഭാഷ എന്റെ അഭിമാനം' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുള്ള പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**മുളപ്പുകൾ**

മഹാനദികളൊഴുകി
കടലു തൊട്ടെന്ന് കരുതി
കുഞ്ഞരുവികളൊഴുക്ക്
മധ്യേ നിർത്തേണ്ടതുണ്ടോ

വൻമരങ്ങളാകാശം
മുട്ടിയെന്നു കരുതി
ചെറുമുളകൾ തളിർ-
ക്കാതിരിക്കേണ്ടതുണ്ടോ

ഒരരുവിയും തൊടാത്ത
ഒരു കടലുണ്ടാവില്ലേ
ഒരു മരവും മുട്ടാത്ത
ഒരാകാശമുണ്ടാവില്ലേ

എത്രയിറുത്തുകളഞ്ഞാലും
തഴയ്ക്കാതിരിക്കാനാവില്ലല്ലോ
നീതിക്കുവേണ്ടിയുള്ള
മുളപ്പുകൾക്ക് പിന്നെയും

(എം. ആർ. രേണുകുമാർ)